**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4605** **02-07-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ പ്രദേശങ്ങൾ തിരിച്ച് നൽകാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിന്റെ പരിധിയിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി നൽകുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വനപ്രദേശങ്ങളാണ് ഇക്കോ ടൂറിസം പദ്ധതികൾക്കായി അനുയോജ്യമായിട്ടുള്ളതെന്നും പുതിയ ഇക്കോ ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോയെന്നും അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിൽ പറയുന്ന ഇക്കോ ടൂറിസം പ്രവർത്തികൾ മാത്രമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന വേളയിൽ stake holder യോഗങ്ങളിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പരിസ്ഥിതിക്ക് അനുയോജ്യമാണോ എന്ന് വിലയിരുത്തിയും പുതിയ ഇക്കോ ടൂറിസം പദ്ധതികൾ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്താവുന്നതും, കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കുന്ന പക്ഷം അവ നടപ്പിലാക്കുവാനും സാധിക്കും. |
| (സി) | നിലമ്പൂർ വുഡ് ഇൻഡസ്ട്രീസിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉൾപ്പടെയുള്ള സ്ഥലം ഇക്കോ ടൂറിസം പദ്ധതികൾക്ക് അനുയോജ്യമായതിനാൽ സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് വാക്ക്‌വേ, സൈക്കിൾ ട്രാക്ക്, ഓപ്പൺ ജിം, ചിൽഡ്രൻസ് പ്ലേ ഏരിയ, ക്യാമ്പ് ഹൗസ് തുടങ്ങിയവ ഉൾപ്പെടുത്തി സംയുക്ത ടൂറിസം പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിൽ പറയുന്ന ഇക്കോ ടൂറിസം പ്രവർത്തികൾ മാത്രമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന വേളയിൽ stake holder യോഗങ്ങളിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പരിസ്ഥിതിക്ക് അനുയോജ്യമാണോ എന്ന് വിലയിരുത്തിയും പുതിയ ഇക്കോ ടൂറിസം പദ്ധതികൾ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്താവുന്നതും, കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കുന്ന പക്ഷം അവ നടപ്പിലാക്കുവാനും സാധിക്കും. |
| (ഡി) | ഇക്കാര്യത്തിൽ വിശദമായ പഠനം നടത്താൻ തയ്യാറാകുമോ; ഇക്കാര്യത്തിലുണ്ടാകാവുന്ന തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിൽ പറയുന്ന ഇക്കോ ടൂറിസം പ്രവർത്തികൾ മാത്രമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.<br><br>പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന വേളയിൽ stake holder യോഗങ്ങളിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചും പരിസ്ഥിതിക്ക് അനുയോജ്യമാണോ എന്ന് വിലയിരുത്തിയും പുതിയ |

| | | | |
|---|---|---|---|
| | | | ഇക്കോ ടൂറിസം പദ്ധതികൾ വർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്താവുന്നതും, കേന്ദ്രസർക്കാർ അംഗീകാരം ലഭിക്കുന്ന പക്ഷം അവ നടപ്പിലാക്കുവാനും സാധിക്കും. |
| (ഇ) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ഇക്കോ ടൂറിസം പദ്ധതികളിൽ നിന്നാണ് വനം വകുപ്പിന് വരുമാനമുള്ളതെന്നും ഏതെല്ലാം ഇനങ്ങളിലാണ് വരുമാനം ലഭിക്കുന്നതെന്നും അറിയിക്കാമോ? | (ഇ) | മേൽപ്പറഞ്ഞ ഇക്കോ ടൂറിസം സെന്ററുകളിൽ എത്തുന്ന സന്ദർശകരിൽ നിന്നും ഈടാക്കുന്ന പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് എന്നിവയിൽ നിന്നും, ഇവയോടനുബന്ധിച്ചുള്ള ഇക്കോ ഷോപ്പുകളിൽ നിന്നും ഉള്ള വരുമാനമാണ് വനം വകുപ്പിന് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ഡിവിഷൻ** | **റെയിഞ്ച്** | **ഇക്കോ ടൂറിസം സെന്റർ** |
|---|---|---|
| നിലമ്പൂർ നോർത്ത് | എടവണ്ണ | കനോലി ഇക്കോ ടൂറിസം |
| | നിലമ്പൂർ | ചാലിയാർ വ്യൂ |
| നിലമ്പൂർ സൗത്ത് | കരുളായി | നെടുങ്കയം |